16. Appointment of an Ezhuva as the Excise Commissioner.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— "ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ അവർകളുടെ കാലാവധി കഴിയുമ്പോൾ തൽസ്ഥാനത്തു് ഒരു ഈഴവനെ എക്സൈസ് കമ്മീഷണരായി നിയമിക്കണമെന്നു ഈ കൌൺസിൽ ഗവർമ്മെൻറിനോടു ശുപാർശ ചെയ്യുകൊള്ളുന്നു."

Mr. President.— That is looking too far ahead. (Laughter.)

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, ഞാൻ ഈ പ്രമേയം അയച്ച സമയത്തു് ഒരു കൊല്ലം കഴിഞ്ഞാൽ ഈ സ്ഥാനം ഒഴിയത്തക്ക നിലയിലായിരുന്നു. പക്ഷെ ഈ പ്രമേയം അവതരിപ്പിക്കുന്നതിനു മുൻപു് ആ സ്ഥാനത്തേക്കു വേറൊരാളെ നിയമിച്ചതു് എൻറെ ഈ റസല്യൂഷൻറെ ഭർവിധി എന്നു മാത്രമെ ഞാൻ പറയുന്നുള്ളൂ. ദേവസ്വം ഡിപ്പാർട്ടുമെൻറു സവർണ്ണർക്കും, നായർ ബ്രിഗേഡ് നായന്മാർക്കും, ഫിഷറി ഡിപ്പാർട്ടുമെൻറു അതിലെ ആൾക്കാർക്കും കൊടുത്തിരിക്കുന്നതുപോലെ ഈ ഡിപ്പാർട്ടുമെൻറിൽ മറ്റുള്ള എല്ലാ സമുദായക്കാരേക്കാൾ കൂടുതൽ ഇടപാടുള്ളവരും കൂടുതൽ നികുതി കൊടുക്കുന്നവരുമായ ഈഴവർക്കും ഈ സ്ഥാനം കൊടുത്തു എന്നു വരുന്നതുകൊണ്ടു എന്തു വിരോധമാണു് ഗവർമ്മെൻറിനു് ഉണ്ടാകുന്നതു്? പക്ഷെ ഞാൻ വിചാരിച്ചിരുന്നപോലെയല്ല വന്നുകൂടിയിരിക്കുന്നതു്. ഒരു പക്ഷെ നമ്മുടെ ഭരണ കൂടത്തിൽ ഇപ്പോഴുള്ള തിരിച്ചൽ മറിച്ചൽ കൊണ്ടുതന്നെ ആ സ്ഥാനത്തേക്കു് ഒരു ഈഴവൻ വന്നേക്കാം. അതുകൊണ്ടു തല്ക്കാലം ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല. പിന്നെ ഞങ്ങളുടെ ആളുകൾ കള്ളിൽ കുറെ ഒക്കെ വെള്ളം ചേർക്കാറു പതിവുണ്ടു്. ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷൻറെ കാലത്തു എത്ര വെള്ളം ചേർത്താലും കണ്ടുപിടിക്കുവാൻ സാധിക്കയില്ല. അങ്ങിനെയുള്ള ഒരു മെച്ചം ഞങ്ങൾക്കു് ഇപ്പോഴുണ്ടു്. ഇനി വരുവാൻ പോകുന്ന ആൾ ഞങ്ങളുടെ ആളാകയാൽ ഞങ്ങളുടെ ഉള്ളുകള്ളികൾ അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിക്കും. അതുകൊണ്ടു് ഞാൻ ഇതിനെ പിൻവലിക്കുന്നു.

Resolution was, by leave, withdrawn.

17. Constitutional Reforms in the State.

Mr. K. T. Mathew.—"*The Council recommends to introduce further Constitutional Reforms including the appointment of at least two ministers enjoying the confidence of the Legislature to carry on the administration in co-operation with the Diwan*".

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly